## എം. ഇ. എസ് ഹയർ സെക്കണ്ടറി സ്കൂൾ

## ആമയാർ



# ഇ -നിലാവ്

### ഹൈസ്കൂൾ വിഭാഗം ലിറ്റിൽ കൈറ്റ്സ്

### ഡിജിറ്റൽ മാഗസിൻ



ഡിജിറ്റൽ മാഗസി

# എന്റെ ജീവിതമാണ്എന്റെ സന്ദേശം



ഫിറോസ്

സ്കൂൾ പ്രിൻസിപ്പാൾ



സന്ദേശം

വണ്ടൻമേട് എം.ഇ.എസ് ഹയർസെക്കന്ററിസ്കൂൾ ലിറ്റിൽകൈറ്റ്സിന്റെ ഡിജിറ്റൽമാഗസിനായ ഇ- നിലാവ് പ്രസിദ്ധീകരിക്കുന്ന എന്നറിഞ്ഞതിൽ വളരെസന്തോഷം ഈ സംരംഭത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു



മായ വസുന്ധരാദേവി

HM

## സന്ദേശം

ഹരിതാഭമായ പ്രകൃതി ഭംഗിക്ക് മുമ്പിൽ അറിവിന്റെ പ്രകാശഗോപുരമായി നിലകൊള്ളുന്ന എം .ഇ. എസ്ഹയർസെക്കണ്ടറി സ്കൂളിന്റെ ഇ- നിലാവ് ഡിജിറ്റൽ മാഗസിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദി നേരുന്നു

# എഡിറ്റോറിയൽ

ഇത് കുട്ടികളുടെ എഴുത്തിന്റെ വിസ്മയ സൃഷ്ടി 2023 ഒക്ടോബറിലാണ് ഇ - നിലാവ് ഡിജിറ്റൽ മാഗസിന്റെ സൃഷ്ടിയുമായി ബന്ധപ്പെട്ട ആദ്യചിന്ത ഉയർന്ന് വരുന്നത്. സർഗ്ഗശേഷിയുള്ള ഏതാനും കുട്ടികളുടെ ആഗ്രഹങ്ങളെ സാക്ഷാത്ക്കരിക്കുവാനുള്ള ശ്രമത്തിൽ സ്കൂൾ ഒന്ന ചേരുകയായിരുന്നു. ഇത്രയും ചുരുങ്ങിയ സമയത്തിനുള്ളിൽ ഒരു പക്ഷെ ഇ-നിലാവ് പ്രസിദ്ധീകരിക്കപ്പെടുന്നതിനാൽ ചില പോരായ്മകൾ ഉണ്ടാവാം. സങ്കേതികവിദ്യയുടെ ഉൾത്തിരിവിൽ നിന്നും

ഇ -നിലാവിലേക്ക്...................

പ്രാർത്ഥനയോടെ

Jerlin C Soji

8C



# Table of Contents

## ഉള്ളടക്കം


ഇടുക്കിയെന്ന മിടുക്കി....9
പാവപ്പെട്ടവന് കിട്ടിയ നിധി....10
കഥകളി വേഷവും അഭിനയ വിശേഷവും....12
ചിന്നുവിന്റെ പൂച്ചക്കുട്ടി....13
TREE....14
English thoughts....15
My GRANDMOTHER,s HOUSE....16
ഭഗവദ്ഗീത....17
താളവാദ്യങ്ങൾ....18
പഴഞ്ചൊല്ലുകൾ....21
വിലയേറിയ ഒരു മൃഗസ്നേഹം....22
ഇ- നിലാവ് ഡിജിറ്റൽ മാഗസിന്റെ....24
പണിപ്പുരയിൽ നിന്ന്....24
കുറിഞ്ഞി 2023 കലോത്സവ വിജയികൾ....25
EXPERT CLASS BATCH 1....27
ഓണം ക്യാമ്പ് 2023....29
FREEDOM FEST 2023....30
ലിറ്റിൽ കൈറ്റ്സിന്റെ നേട്ടങ്ങളിലേക്ക്....31
ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലേക്ക്....32
നന്ദി....34

## യുദ്ധം വേണ്ട.....

## സഹിഷ്ണത നിലനിർത്താം







യുദ്ധം ഒന്നിനുമൊരു പരിഹാരമല്ല

# ഇടുക്കിയെന്ന മിടുക്കി

മലയോര ജില്ലയാണ് ഇടുക്കി. ഇടുക്കിയെ മിടുക്കിയാക്കുന്നത് ഇവിടുത്തെ പ്രകൃതിയാണ് ഏലത്തോട്ടങ്ങളും തേയിലത്തോട്ടങ്ങളുടെ ആരുടെയും മനം കവരുന്നതാണ് കുടിയേറ്റ കർഷകരുടെ നാടാണിത് . ഇവിടുത്തെ പ്രധാന വിഭവമാണ് കപ്പബിരിയാണി നാവിൽ കൊതിയൂറുന്ന കപ്പ ബിരിയാണി ഇടുക്കി വിട്ട് പോകാന്നേ തോന്നില്ല

ഇടുക്കിയുടെ വാണിജ്യേമഖലയാണ് കട്ടപ്പന. സുഖവാസത്തിനു പറ്റിയ നാടാണിത് പള്ളിയും ക്ഷേത്രവും മോസ്കും ഒക്കെ ഈ നാട്ടിലുണ്ട്. ആരാധനാലയങ്ങൾക്ക് പേര് കേട്ട നാടാണിത്. ജൈവ വേലി ഈ നാടിന്റെ പ്രത്യേകതയാണ്. ചിലയിടങ്ങളിൽ മതിലുകൾ കെട്ടിപൊക്കി സ്നേഹത്തിന്റെ അതിർവരമ്പുകൾ സൃഷ്ടിക്കുമ്പോൾ ഇവിടെ ജൈവവേലി ഒരി സവിശേഷതയായി നിലകൊള്ളുന്ന നിഷ്ക്ളങ്കമായ ഗ്രാമീണത നിറഞ്ഞ ആളുകളും വിവേചനമില്ലാത്ത നാടാണിത്.

BY
ASLAM

# പാവപ്പെട്ടവന് കിട്ടിയ നിധി

അതി മനോഹരം ആയ ഒരു ഗ്രാമം അവിടെ ഒരു കർഷകൻ താമസിച്ചിരുന്നു. ആ കർഷകന്റെ പേര് ആൽബിൻ എന്നായിരുന്നു.

അവന്റെ വീട്ടിൽ അവന്റെ അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവന്റെ അമ്മയുടെ പേര് അംബിക എന്നായിരുന്നു. അവന്റെ അച്ഛൻ അവന് രണ്ടു വയസ്സുള്ളപ്പോൾ മരണപ്പെട്ടു. അവന്റെ അച്ഛന്റെ മരണശേഷം അവന്റെ അമ്മ വീട്ടുജോലിക്ക് പോയിട്ടാണ് അവനെ പഠിപ്പിച്ചത്. അവന്റെ അമ്മ വീട്ടുജോലിക്ക് പോകുന്നത് അവന് ഒട്ടും ഇഷ്ടമല്ലായിരുന്നു. അതിനാൽ അവന് പത്താം ക്ലാസ്സിൽ പരീക്ഷക്ക് നല്ല മാർക്ക് ഉണ്ടായിരുന്നിട്ട് പോലും അവൻ പത്താം ക്ലാസ്സിൽ വെച്ച് പഠിപ്പ് നിർത്തി. എന്നിട്ട് കൃഷി പണി ചെയ്യാൻ തുടങ്ങി. അവന്റെ അമ്മക്ക് അവൻ പഠിക്കാൻ പോകാത്തതിൽ നല്ല വിഷമം ഉണ്ടായിരുന്നു. അവന്റെ അമ്മ അവനോട് എത്ര പറഞ്ഞിട്ടും അവൻ വീണ്ടും പഠിക്കാൻ പോയില്ല. അങ്ങനെ അവൻ കൃഷിപ്പണി ചെയ്യ്തു കിട്ടുന്ന പണം കൊണ്ട് ആ കുടുംബം കഴിഞ്ഞു പോയി. അങ്ങനെ ഇരിക്കെ ഒരു ദിവസം അവൻ കാട്ടിൽ വിറക് ശേഖരിക്കാൻ കാട്ടിൽ പേയി. അവൻ പോകുന്ന വഴിക്ക് ഒരു കുഴിയിൽ ഒരു വലിയ കലം ഇരിക്കുന്നത് അവൻ കണ്ടു. അവൻ അത് തുറന്ന് നോക്കിയപ്പോൾ അവൻ ഞെട്ടി പോയി കാരണം ആ കലം നിറയെ സ്വർണ്ണം ആയിരുന്നു. അവൻ ആ കലത്തിന്റെ ഉടമസ്ഥനെ അവിടെ മുഴുവൻ നോക്കി. എന്നാൽ അവിടെ ആരും തന്നെ ഉണ്ടായിരുന്നില്ല. അപ്പോൾ അവൻ ആലോചിച്ചു. ഈ കലം എടുത്തോണ്ട് വീട്ടിൽ കൊണ്ട് പോകാം. എന്നിട്ട് ഇത് പോലീസ് സ്റ്റേഷനിൽ കൊണ്ട് കൊടുക്കാം.

എന്ന് അവൻ ആലോചിച്ചു. എന്നിട്ട് അവൻ കുറേ വിറക് ശേഖരിച്ച് ആ വിറക് കൊണ്ട് ഒരു വണ്ടി ഉണ്ടാക്കി. എന്നിട്ട് അ കലം എടുത്ത് ആ വണ്ടിയിൽ വെച്ചു. എന്നിട്ട് അവൻ ആ വണ്ടിയും വലിച്ചുകൊണ്ട് വീട്ടിലേക്ക് പോയി. വീട്ടിൽ പോയി അവൻ അമ്മയോട് നടന്നത് എല്ലാം പറഞ്ഞു. എല്ലാം കേട്ട് കഴി ഞ്ഞപ്പോൾ അവന്റെ അമ്മ പറഞ്ഞു:

മോനെ ഇത് നമ്മുക്ക് പോലീസ് സ്റ്റേഷനിൽ കെടുക്കണ്ട. കാരണം അവർ നീ അത് മോഷ്ടിച്ചതാണ് എന്ന് പറഞ്ഞ് അവർ നിന്നെ അറസ്റ്റ് ചെയ്യും. അതിനാൽ നമ്മുക്ക് ഇത് അടുത്തുള്ള അനാധാലയത്തിൽ കെടുക്കാം. അവനും അതാണ് നല്ലത് എന്ന് തോന്നി. അതിനാൽ അവൻ അത് അനാധായത്തിൽ കൊടുക്കാൻ തീരുമാനിച്ചു. അടുത്ത ദിവസം രവിലെ അവൻ അതും കൊണ്ട് അനാഥാലയത്തിലേക്ക് പോകുന്ന വഴിക്ക് ആ കലത്തിൽ നിന്ന് ഒരു അശരീരി കേട്ടു. അത് പറഞ്ഞത് ഇങ്ങനെ ആയിരുന്നു: ആൽബിനെ ശ്രദ്ധിക്കു എന്ന് ഒരു ശബ്ദം അതിൽ നിന്ന് കേട്ടു. അവൻ പെട്ടെന്ന് പേടിച്ച് പോയി. ഇത് ആരാ എന്ന് അവൻ ചേദിച്ചു. അതിന് ഉള്ള ഒരു മറുപടി ആയിട്ട് ആ കലത്തിലെ ശബ്ദം അവനോട് പറഞ്ഞു. ഞാൻ ഒരു ദേവതയാണ്. ഞാൻ നിന്റെ കഷ്ടപ്പാട് കണ്ടിട്ട് നിന്നെ സഹായിക്കാൻ വന്നതാണ്. ഞാൻ കഴിഞ്ഞ രണ്ട് ദിവസമായി നിന്നെ പരീക്ഷിക്കുകയാണ്.ഈ പരീക്ഷയിൽ നീ വിജയിച്ചിരിക്കുന്നു. ഈ കലത്തിലെ സ്വർണ്ണം നിനക്ക് എടുക്കാം. ഇത് നിനക്കുള്ള സമ്മാനമാണ്. അവൻ മടിച്ച് മടിച്ച് ആ സ്വർണ്ണം വങ്ങിച്ചു. അവൻ ആ സ്വർണ്ണം വെച്ച് വലിയ ഒരു വീട് പണിതു. എന്നിട്ട് ബാക്കി വന്ന സ്വർണ്ണം അവന്റെ അയൽവാസികൾക്ക് അവരറിയാതെ വിതരണം ചെയ്യ്തു. എന്നിട്ട് അവർ സന്തോഷമായി ജീവിച്ചു.

JOHNCY K.THOMAS
9B

# കഥകളി വേഷവും അഭിനയ വിശേഷവും

നൃത്തം ,നൃത്യം, നാട്യം എന്നീ മൂന്നു വിധത്തിലുള്ള അഭിനയമാണ് കഥകളിക്കുള്ളത് .കഥാപാത്രസ്വഭാവമനുസരിച്ചാണ് കഥകളിയിലെ വേഷവിഭജനം .പച്ച, കത്തി, കരി, താടി , മിനുക്ക് എന്നിവ സത്വരജസ്തമോ ഗുണങ്ങളിൽ ഓരോ ഗുണത്തെ പ്രതിനിധീകരിക്കുന്നു.

## പച്ച

സത്വഗുണപ്രധാനവും ധീരോദാത്തവുമായ കഥാപാത്രങ്ങൾ  പച്ച എന്ന വിഭാഗത്തിൽപ്പെടുന്നു. മനയോലയും നീലവും ചേർത്ത് പച്ചച്ചായം നിർമിച്ച് മുഖത്തു തേയ്ക്കുന്നു. നെറ്റിയിൽ ഗോപിയിടണം . ശ്രീരാമൻ, ശ്രീകൃഷ്ണൻ , അർജ്ജുനൻ , ഇന്ദ്രൻ , നളൻ എന്നിവർ പച്ചവേഷക്കാരാണ്

## കത്തി

നന്മയും തിന്മയും ഇടകലർന്ന രാജോഗുണ പ്രധാന  കഥാപത്രങ്ങളാണ് കത്തി  ഉദാ രാവണൻ,ദുര്യോധനൻ

## കരി

ക്രൂരസ്വഭാവികളായ തമോഗുണകഥാപാത്രങ്ങളാണ് കരി.ആൺകരി,പെൺകരി എന്ന് രണ്ടുതരത്തിലുണ്ട് തരത്തിലുണ്ട്.തമോഗുണപ്രധാനികളാണ് കരിവേഷങ്ങൾ. കറുത്തമുഖത്തേപ്പ്, പാറപോലുള്ള കരിമുടി.

കരിക്കുപ്പായം.കറുത്ത പാവാട എന്നിവ വേഷം . താടക ശൂർപ്പണഖ പൂതന, സിംഹിക എന്നിവർ കരിവേഷക്കാരാണ്. കരിതേച്ച പുരുഷവേഷക്കാരാണ് കാട്ടാളർ.

ഉദാ;കാട്ടാളൻ (ആൺകരി) ശൂർപ്പണഖ , പൂതന (പെൺകരി)

ANITTA SHINU



# ചിന്നുവിന്റെ പൂച്ചക്കുട്ടി

ഒരിടത്ത് ഒരിടത്ത് ഒരു കുട്ടി ഉണ്ടായിരുന്നു. ആ കുട്ടിയുടെ പേര് ചിന്നു എന്നാണ് .

ഒരു ദിവസം അവൾ  കടയിൽ പോയി തിരികെ വരുകയായിരുന്നു. അപ്പോൾ ആണ് വഴിയരികിൽ കിടക്കുന്ന ഒരു ചാക്ക് അനങ്ങുന്നത് ചിന്നു കണ്ടത്. അവൾ ചാക്ക് തുറന്ന് നോക്കിയപ്പോൾ സുന്ദരിയായ ഒരു പൂച്ചക്കുട്ടി. ചിന്നു ആലോചിച്ചു  വീട്ടിൽ കൊണ്ട് പോകാമെന്ന്. അവൾ പൂച്ചക്കുട്ടിയെ വീട്ടിൽ കൊണ്ട് പോയി . പാലുക്കൊടുത്ത് അതിന്റെ ദാഹം മാറ്റി. ചിന്നു പൂച്ചക്കുട്ടിക്ക് പേരിട്ടു 'മിട്ടു'. മിട്ടുവിനെ വളർത്തി വലുതാക്കി. കുറെ മാസങ്ങൾക്കു ശേഷം ചിന്നുക്കുട്ടി വീട് മാറി വേറെ ഒരു പട്ടണത്തിൽ പോയി താമസിച്ചു . കൂട്ടത്തിൽ മിട്ടുവിനെയും കൊണ്ടുപോയി.

ചിന്നുവിന്റെ വീടിന്റെ അടുത്ത് ഒരു വീട്ടിൽ മിന്നു എന്ന് പറയുന്ന ഒരു കുട്ടി ഉണ്ടായിരുന്നു. ആ കുട്ടി മിട്ടുവിനെ കണ്ടപ്പോൾ മുതൽ മിട്ടുവിനെ വേണമെന്ന് വാശിപ്പിടിക്കുമായിരുന്നു. ഒരു ദിവസം മിന്നുവിന്റെ വാശി കാരണം ചിന്നു മിട്ടുപൂച്ചയെ വിശ്വസിച്ച് മിന്നുവിന് കൊടുത്തു. ചിന്നു ഇങ്ങനെ പറഞ്ഞു; നീ എന്റെ മിട്ടുവിനെ വളർത്തണം. എന്ന് പറഞ്ഞ് ചിന്നു തിരികെ വീട്ടിലേക്ക് തിരികെ മടങ്ങി.പിറ്റേ ദിവസം അയപ്പോഴേക്കും ചിന്നു മിന്നുവിന്റെ വീട്ടിലേക്ക് മിട്ടുവിനെ കാണാൻ പോയി . ചിന്നു മിന്നുവിനോട് ചോദിച്ചു മിന്നു 'മിട്ടു എന്തിയേ' മിന്നു പതുങ്ങുവാൻ തുടങ്ങി .ചിന്നു വീണ്ടും വീണ്ടും ചോദിച്ചുക്കോണ്ടെ ഇരിന്നു. മിന്നുവിന്റെ വീടിനകത്ത് നോക്കിയപ്പോൾ രക്ത തുള്ളികൾ കിടക്കുന്നത് ചിന്നു കണ്ടു. ചിന്നു രക്ത തുള്ളികൾ കിടക്കുന്നതിനു പുറകേ ചെന്നു  നോക്കയപ്പോൾ രക്തക്കറയാൽ മിട്ടു കിടക്കുന്നു. ചിന്നു ഉറക്കെ നിലവിളിച്ചി മിട്ടു........ ചിന്നു കരഞ്ഞുകൊണ്ട്  മിന്നുവിനോട് ചോദിച്ചു എന്റെ മിട്ടുവിന് എന്ത്പ്പറ്റി. മിന്നു പറഞ്ഞു നീ എനിക്ക് മിട്ടുവിനെ

BY
JERIN C

# TREE

Do Not cut me
Cried The Tree
Because I give you
rain Free

In My Cool shade
you rest
Eat my fruits
that are best

Take in my fresh smell
Let me live
My life well

MUHAMMAD ASLAM ANSARI
8c

# English thoughts

“you don’t decide your future,
you decide your habits
ant your habits decide your future”

“If you want to shine like a sun
first burn ike a sun”

“Education is the key to unlock
the golden door of freedom”

“If you fail never give up
because fail means first attempt
in hearing”

Dona Vinod

8C



# My GRANDMOTHER s HOUSE

there is a house now far away where once
I received love. . . That women died,
The house withdrew into silence snakes moved
among books, I was then too young
to read and my blood turned cold like the moon.
How often I think goinig
There to peer through blind eyes of windows or
just listen to the frozen air
or in wild despair pick an armful of
darkness to bring it here to lie
behind my bedroom door like  a brooding
dog...you cannot believe darling
can you that I lived in such a house and
was proud and loved... I who have lost
my way and beg now at strangers doors to
receive love at least in small change ?

# ഭഗവദ്ഗീത

പതിനെട്ടു പുരാണങ്ങളിലൊന്നാണ് ഭഗവദ്ഗീത.മഹാഭാരതത്തിലെ ഭീഷ്മപർവ്വത്തിൽ 25 മുതൽ 45 വരെയുള്ള അധ്യായങ്ങളിലാണ് ഇത് ഉൾപ്പെട്ടിരിക്കുന്നത്. യുദ്ധക്കളത്തിൽ വെച്ച് എതിരാളികളായ ബന്ധുജനങ്ങളെ വധിക്കണമല്ലോ എന്ന ദുഃഖം മൂലം വീര്യമെല്ലാം നശിച്ച് തേർത്തടത്തിൽ വീണുകിടക്കുന്ന അർജ്ജുനനെ യുദ്ധസന്നദ്ധനാക്കുന്നതിനുവേണ്ട ശ്രീകൃഷ്ണൻ നൽകുന്ന ഉപദേശമാണ് ഇതിന്റ കാതൽ കർമ്മയോഗം,ജ്ഞാനയോഗം,ഭക്തിയോഗം,എന്ന മൂന്ന് ഉപദേശമണ്ഡലങ്ങളാണ് ഇതിലുള്ളത്.ഓരോന്നിനും ആറു വീതം അധ്യായം വിനിയോഗിച്ചിരിക്കുന്നു. അറിവിന്റെ അഭാവമാണ് എല്ലാ ദുഃഖങ്ങൾക്കും കാരണമെന്നതിനാൽ കർമാനുഷ്ഠാനത്തിലൂടെയും ജ്ഞാനാർജനത്തിലൂടെയും നിർമലമായ ഭക്തിയിലൂടെയും മാതമേ ഇതിനു പരിഹാരമുള്ളവെന്നും ഗീതയിലൂടെ സ്ഥാപിക്കുന്നു.അതിനാൽ ഗീതയുടെ ഉള്ളടക്കം തത്ത്വചിന്താപരമായിത്തീർന്നിരിക്കുന്നു.

# ഉപനിഷത്ത്

ഋക്ക്,യജ്ജുസ്,സാമ്,അഥർവം എന്നിങ്ങനെ വേദങ്ങൾ നാലാണ്.ഓരോന്നിനും ഓരോ സംഹിതകളുണ്ട്.സംഹിതകളെ ബ്രാഹ്മണങ്ങൾ എന്നു വിളിക്കുന്നു.ബ്രാഹ്മണങ്ങൾക്കുണ്ടായ അനുബന്ധങ്ങളാണ് ആരണ്യകങ്ങൾ.ആരണ്യകങ്ങളുടെ അനുബന്ധങ്ങളാണ് ഉപനിഷത്തുകൾ മന്ത്രങ്ങളും ബ്രാഹ്മണങ്ങളും പഠിച്ചതിനുശേഷമാണ് വിദ്യാർത്ഥികൾ ഉപനിഷത്തുകളിലേക്ക് കടക്കുന്നത്. ഉപനിഷത്ത് എന്ന വാക്കിന് ഏറ്റവും സമീപത്ത് സ്ഥിതിചെയ്യുന്നത് എന്നാണർത്ഥം. ബ്രഹ്മസ്വരൂപത്തോട് അടുത്തു സ്ഥിതിചെയ്യുന്നത് ഉപനിഷത്ത്. ഈശം, ഛാന്ദോഗ്യം , ബൃഹദാരണ്യകം, ഐതരേയം, തൈത്തിരീയം, പ്രശ്നം, കേനം, കഠം, മുണ്ഡകം, മാണ്ഡൂക്യം, തുടങ്ങിയവ പ്രധാനപ്പെട്ടവയാണ്.

Jobina. b.k
9.B

# താളവാദ്യങ്ങൾ

## ചെണ്ട



'പതിനെട്ട് വാദ്യവും ചെണ്ടയ്ക്കു താഴെ' എന്നൊരു ചൊല്ലുണ്ട്.വാദ്യങ്ങളിൽ ചെണ്ടയ്ക്കുള്ള പധാന്യമാണ് ഇത് സൂചിപ്പിക്കുന്നത്. പ്ലാവിൻ തടയിൽ വീർപ്പയുടെ ആകൃതിയിൽ നിർമ്മിച്ച കുറ്റിയുടെ ഉൾവശം വെള്ളയാണ്.ഉരുട്ടുചെണ്ട,വീക്കൻചെണ്ട എന്നിങ്ങനെ ചെണ്ടകൾ പലതരമുണ്ട്.

## മദ്ദളം



മൃദംഗത്തെക്കാൾ അല്പം വലുതാണ് മദ്ദളം.അരയിൽ തുണി ചുറ്റി മദ്ദളം കോർത്തു കെട്ടി ഇരുവശത്തും കൈകൊണ്ടടിച്ച് മദ്ദളം വായിക്കുന്നു.

## ഓടക്കുഴൽ



പ്രധാനപ്പെട്ട സുഷിരവാദ്യം. ഒരറ്റംമാത്രം തുറന്നതും എട്ടോ ഒൻപതോ സുഷിരങ്ങൾ ഉള്ളതുമായ മുളയാണ് ഓടക്കുഴൽ.

# മൃദംഗം



പ്ലാവിൽ തടിയിലാണ് മൃദംഗം നിർമ്മിക്കുന്നത്. ഉള്ള് പൊള്ളയാണ് 45 മുതൽ 60 സെന്റിമീർ വരെ നീളമുണ്ട്. രണ്ടുവശവും തുകൽകൊണ്ട്, ആവരണം ചെയ്യും. ഇടതുവശത്തെ 'തൊപ്പി' എന്നും വലതുവശത്തെ 'വലം' തല എന്നും പറയുന്നു.

# ഇടയ്ക്ക (എടയ്ക്ക)



കേരളത്തിന്റെ തനതു വാദ്യം. ക്ഷേത്രങ്ങളിൽ സോപാന സംഗീതത്തിനും പഞ്ചവാദ്യത്തിനും ഉപയോഗിക്കുന്നു. തടിയിൽ നിർമ്മിക്കുന്നു. ഉരലിന്റെ ആകൃതിയിലുള്ള എടയ്ക്കയുടെ ഇരുവശവും ആടിന്റെ വയറിൽനിന്നെടുത്ത തോലുകൊണ്ട് ആവരണം ചെയ്യും. മധ്യവശത്ത് ചരട് കോർത്തിണക്കി ഉപകരണത്തിന് അയവും മുറുക്കവും വരുത്തുന്നു.

# മിഴാവ്



കൂത്തിനും കൂടിയാട്ടത്തിനും ഉപയോഗിക്കുന്ന വാദ്യമാണ് മിഴാവ്. വലിയ ചെമ്പുകുടത്തിന്റെ ആകൃതിയിലുള്ള മിഴാവിന്റെ വിസ്താരംകുറഞ്ഞമുഖം തോലുകൊണ്ട് മൂടികെട്ടിയിരിക്കും. മിഴാവ് ഉയർത്തിവെക്കാൻ പ്രത്യേക മരക്കൂട്ടുണ്ട്. കൂത്തമ്പലത്തിൽ മിഴാവ് വെയ്ക്കാൻ പ്രത്യേക സ്ഥാനമുണ്ട്.

JOHNCY K.THOMAS

9B

# പഴഞ്ചൊല്ലുകൾ

*താൻ പാതി ദൈവം പാതി

* തീ ഇല്ലാതെ പുക ഉണ്ടാവില്ല

*കർക്കടകം തിർന്നാൽ ദുർഘടം തിർന്നു

*മക്കളെ കണ്ടും മാന്പൂ കണ്ടും മോഹിക്കരുത്

*വലതു കൈ ചെയ്യുന്നത് ഇടത്കൈ അറിയരുത്

*അങ്ങാടി തോറ്റത്തിന് അമ്മേടെ നേരേ

*തൊഴുതുണ്ണരുത് ഉഴുതുണ്ണുക

*അന്ന വിചാരം മുന്നവിചാരം

*ഉപ്പു തിന്നുന്നവൻ വെള്ളം കുടിക്കും

GOKUL KANNAN 8 A

# വിലയേറിയ ഒരു മൃഗസ്നേഹം

ഒരിക്കൽ ഒരു കാട്ടിൽ കുറേ ആനകൾ ഉണ്ടയിരുന്നു.
ആ ആനകൾക്കെല്ലാം ഒരു രാജാവും ഉണ്ട്.
ഒരിക്കൽ ആനകൾ വെള്ളം കുടിക്കുകയായിരുന്നു. അന്നേരം ആനകളുടെ രാജാവ് ആനകളുടെ അടുത്ത് എത്തി പറഞ്ഞു: ആനകളെ ഇവിടെ വരൾച്ച സംഭവിക്കാൻ പോവുകയാണ് എത്രയും പെട്ടന്ന് നമ്മുക്ക് വെള്ളം ഉള്ള സ്ഥലത്തേക്ക് പോകാം..... അന്നേരം ആനകളിൽ ഒരാൾ രാജാവിനോട് പറഞ്ഞു..... എനിക്ക്  വെള്ളം കൂടുതലുള്ള ഒരു സ്ഥലം അറിയാം പക്ഷേ..... അങ്ങോട്ട് പോകണമെങ്കിൽ കുറേ ദൂരം നടക്കണമെന്ന് രാജാവിനോട് പറഞ്ഞു..... അത് സാരമില്ല നമ്മുക്ക് എല്ലാവർക്കും ഇപ്പം അവിശ്യം ജലം മത്രമാണ്..... എന്നാൽ നമ്മുക്ക് യാത്ര ആരംഭിക്കാം..... അങ്ങനെ അവർ യാത്ര ആരംഭിച്ചു. അവർ കുറേ നടന്ന് അവർക്ക് എത്തെണ്ട സ്ഥലത്ത് എത്തി..... അതിനിടയിൽ കുറേ എലികളുടെ താമസസ്ഥലവും അവർ നടന്ന വഴിക്ക് തകർന്ന് പോവുകയും ചെയ്തു.....
എലികൾക്ക് വിഷമം സഹിക്കാനായില്ല..... അവർ എല്ലാവരും ഒരു മീറ്റിങ്ങ് തീരുമാനിച്ചു...... ആ മീറ്റിങ്ങിൽ അവർ എല്ലാവരും കൂടി ഒരു കാര്യം തീരുമാനിച്ചു..... നമ്മുക്ക് ആ ആനകളുടെ രാജാവിനെ കണ്ട് കാര്യം പറയാമെന്ന്. എന്നിട്ട് അവർ എല്ലാവരും കൂടി രാജാവിന്റെ അടുത്തെത്തി. അവർ വിശദമായി കാര്യങ്ങൾ പറഞ്ഞു. എന്നിട്ട് എലികൾ ആനരാജാവിനൊടും മറ്റു ആനകളൊടും ഇവിടെ നിന്നും പോകണമെന്ന് പറഞ്ഞു...... രാജാവ് അത് ചിന്തിച്ചു.....
എന്നിട്ട് രാജാവ്പ്പെട്ടന്ന് തന്നെ ആനകളുടെ അടുത്ത് എത്തി കാര്യം പറഞ്ഞു. അന്നേരം അതിൽ ഒരു ആന രാജാവിനോട് പറഞ്ഞു. അവർ ചെറിയ ജീവികളല്ലെ..... പിന്നെ എന്തിന് അവർ പറയുന്നത് നമ്മൾ അനുസരിക്കണം. രാജാവ് പറഞ്ഞു: ചെറിയവർ എന്നും പറഞ്ഞ് നമ്മൾ ആരെയും അക്ഷേപിക്കാൻ പാടില്ല കാരണം ചില സമയത്ത് അവരേ നമ്മളെ രക്ഷിക്കാൻ കണകയുള്ളൂ..... പിന്നെ നമ്മൾ നാളെത്തൊട്ട് വേരെ വഴിയെപ്പോകണം.....

അങ്ങനെ രാജാവ് പറഞ്ഞത് പോലെ അവർ പിറ്റേദിവസം തൊട്ട് വേറെ

വഴിയെപ്പോകാൻ തുടങ്ങി..... അങ്ങനെയിരിക്കെ ഒരു ദിവസം അവർ പുഴയിൽ

കളിച്ചുകൊണ്ടിരുന്നപ്പോൾ. കു റെ വേട്ടക്കാർ അവരെ കണ്ടു. അന്നേരം

വേട്ടക്കാർ പറഞ്ഞു നമ്മുക്ക് ഇവരെ വേട്ടച്ചെയ്യണമെന്ന്. അങ്ങനെ അവർ

ആനകൾ വരുന്ന വഴി ആനകൾക്കുള്ള കുരുക്ക് നിർമ്മിച്ചു.....
ആനകൾ ഇതൊന്നുമറിയാതെ വഴിയിലൂടെ നടന്ന് വന്നപ്പോൾ രാജാവിന്റെ

അടക്കം ആറ് ആനക്കളുടെ കാല് അതിൽ കുടുങ്ങി..... അന്നേരം രാജാവ്
ബാക്കിയുള്ള രണ്ട് ആനകളോട് പറഞ്ഞു നിങ്ങൾ രണ്ട് പേരും പോയിപ്പെട്ടെന്ന്

എലികളെ വിളിച്ചുകൊണ്ട് വരു എന്ന് രാജാവ് .

JIYANA
8C

# ഇ- നിലാവ് ഡിജിറ്റൽ മാഗസിന്റെ

# പണിപുരയിൽ നിന്ന്









# കുറിഞ്ഞി 2023 കലോത്സവ വിജയികൾ













# EXPERT CLASS BATCH 1







# ഓണം ക്യാമ്പ് 2023






# FREEDOM FEST 2023







# ലിറ്റിൽ കൈറ്റ്സിന്റെ നേട്ടങ്ങളിലേക്ക്

ലിറ്റിൽ കൈറ്റിസിന്റെ ജില്ല ക്യാമ്പിൽ നിന്നും സംസ്ഥാന തലത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആഗ്നൽ സുരേഷിന് (2020) അഭിനന്ദനങ്ങൾ



Table of Contents

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലേക്ക്

## സൈബർ സുരക്ഷാ പരിശീലന പരിപാടി നടത്തി

വണ്ടൻമേട് • സംസ്ഥാന സർക്കാരിന്റെ രണ്ടാം നൂറുദിന കർമ പരിപാടിയുടെ ഭാഗമായി ആമയാർ എംഇഎസ് ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 'അമ്മ അറിയാൻ' സൈബർ സുരക്ഷാ പരിശീലന പരിപാടി നടത്തി. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ് മുഖേനയാണ് അമ്മമാർക്കു പരിശീലനം നൽകിയത്.

അമ്മമാർക്ക് സൈബർ സുരക്ഷയെക്കുറിച്ച് അവബോധം നൽകുക, സ്മാർട് ഫോണിന്റെ ദൂഷ്യവശങ്ങൾ, ഇന്റർനെറ്റിന്റെ സുരക്ഷിതമായ ഉപയോഗം, ആധുനിക സാങ്കേതിക വിദ്യകൾ, ഓൺലൈൻ പണമിടപാടുകൾ നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടങ്ങിയ കാര്യങ്ങളിലാണു പരിശീലനം നൽകിയത്. അധ്യാപകർ ക്ലാസെടുത്തു. ഹെഡ്മിസ്ട്രസ് മായാ വസുന്ധരാദേവി പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു.

കൈറ്റ് മിസ്ട്രസുമാരായ എസ്.അനീഷ മുഹമ്മദ്, ഫാസിയ ബീഗം എന്നീ അധ്യാപികമാരുടെ നേതൃത്വത്തിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ് പരിശീലകരായ ശീതൾ മാത്യു, ആൻഗ്രേസ്, ഹാപ്പി മരിയ, ജോബിൻ, അഗ്നൽ എന്നിവർ ക്ലാസിനു നേതൃത്വം നൽകി.



ആമയാർ എംഇഎസ് ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന അമ്മ അറിയാൻ എന്ന സൈബർ സുരക്ഷാ പരിശീലന പരിപാടിയുടെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് ക്ലബ് പരിശീലകരായ കുട്ടികൾ ക്ലാസെടുക്കുന്നു.

## സ്കൂളിലെ ഹൈടെക് സംവിധാനങ്ങളും സൗകര്യങ്ങളും ഇനി അമ്മമാർക്കും അറിയാം

വണ്ടൻമേട് • പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആമയാർ എംഇഎസ് ഹയർസെക്കൻഡറി സ്കൂളിൽ നടപ്പാക്കിയ ഹൈടെക് സംവിധാനങ്ങളും സൗകര്യങ്ങളും സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ അമ്മമാരെ പരിചയപ്പെടുത്തി.

വീടുകളിലെ സ്മാർട്ട് ഫോണുകൾ വിദ്യാർഥികളുടെ പഠന പ്രവർത്തനങ്ങൾക്കു കൂടി പരമാവധി പ്രയോജനപ്പെടുത്താൻ ലക്ഷ്യമിട്ടാണ് അമ്മമാരെയും സ്മാർട്ട് ആക്കുന്നത്. അനീഷ മുഹമ്മദ് അമ്മമാർക്ക് പരിശീലനം നൽകി.

സമഗ്ര പോർട്ടൽ, വിക്ടേഴ്സ് ചാനലിലെ വിദ്യാഭ്യാസ പരിപാടികൾ, പാഠ പുസ്തകങ്ങളിലെ ക്യൂ ആർ കോഡ്, സൈബർ സുരക്ഷ, സമേതം പോർട്ടലിലെ സൗകര്യങ്ങൾ എന്നിവയിൽ അമ്മമാർക്ക് പരിശീലനം നൽകി.

അധ്യാപകർക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും വിഡിയോ കോൺഫറൻസിലൂടെ കേരള ഇൻഫ്രാ സ്ട്രക്ചർ ഫോർ എജ്യുക്കേഷൻ പരിശീലനം നൽകിയിരുന്നു.

മൊബൈൽ ഫോൺ, ഇന്റർനെറ്റ് എന്നിവയുടെ ഉപയോഗം സമൂഹത്തിൽ വ്യാപകമായ സാഹചര്യം കണക്കിലെടുത്താണ് പുതിയ രീതി നടപ്പാക്കുന്നത്.

പരിശീലനത്തോടൊപ്പം സ്കൂളുകളുടെ സമഗ്ര വിവരങ്ങൾ ക്യൂ ആർ കോഡ് രൂപത്തിൽ പൊതുജനങ്ങൾക്കായി പ്രസിദ്ധപ്പെടുത്തും.

പരിശീലനത്തിൽ 50 അമ്മമാർ പങ്കെടുത്തു.

എംഇഎസ് സ്കൂൾ പ്രിൻസിപ്പൽ വി.കെ.റഫീഖ് പരിപാടി ഉദ്ഘാടനം ചെയ്തു. അധ്യാപകരായ അനീഷ മുഹമ്മദ്, ഫാസിയ എന്നിവർ നേതൃത്വം നൽകി.

# നന്ദി

സാങ്കേതിക വിദ്യകളുടെ ഫലമായി അക്ഷരങ്ങളുടെ വർണ്ണവിസ്മയം തീർത്ത്കൊണ്ട് ഇ -നിലാവ് ഡിജിറ്റൽ മാഗസിന്റെ സൃഷ്ടിക്ക് സഹായിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

ചീഫ്എഡിറ്റർ